**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമം**

വിഷയം: ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം – മാറനല്ലൂർ – ഗ്രാമപഞ്ചായത്ത് – മാറനല്ലൂർ വില്ലേജിൽ – പ്ലോട്ട് സബ് ഡിവിഷൻ – ലേ ഔട്ട് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.

പരാമർശം :- മാറനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/09/2021 ലെയും 10.11.2021 ലെയും A1/4373/21 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/1160/2021-D തീയതി 04/12/2021</u>**

മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് മാറനല്ലൂർ വില്ലേജിൽ റീ – സർവ്വേ നമ്പർ 97/4, 97/3, 97/9, 97/2, 97/8, 38/41-1, 38/23-1 ൽ ഉൾപ്പെടുന്ന 22,459 ച.മി (2.2459 ഹെക്ടർ) സ്ഥലത്തു പ്ലോട്ട് സബ് ഡിവിഷൻ നടത്തുന്നതിനുള്ള ലേ ഔട്ട് അംഗീകാരത്തിനായി Rev.Fr.Grigary Perumalil സമർപ്പിച്ച അപേക്ഷയും , പ്ലാനും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി പ്ലോട്ട് സബ് ഡിവിഷന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. പ്ലോട്ട് സബ്ഡിവിഷൻ കെ.പി.ബി.ആർ.2019-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഉറപ്പു വരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/ മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.

8. പ്രസ്തുത പ്ലോട്ട് സബ്ഡിവിഷൻ കെ.പി.ബി.ആർ 2019 ചട്ടം 31.1 പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. പ്ലോട്ട് സബ്ഡിവിഷന് കെ.പി.ബി.ആർ.2019 ചട്ടം 31.1.(v) നനുസൃതമായി റിക്രിയേഷണൽ സ്ഥലം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം. പ്ലോട്ട് സബ്ഡിവിഷന് കെ.പി.ബി.ആർ.2019 ചട്ടം 31.1.(xiv) നനുസൃതമായി ജല നിർഗമന സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തണം.

10. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

11 പ്ലോട്ട് സബ് ഡിവിഷൻ ലേ ഔട്ടിനുള്ളിലെ എല്ലാ റോഡുകൾക്കും പ്ലാൻ പ്രകാരമുള്ള വീതി ലഭ്യമാണെന്നും കെ.പി.ബി.ആർ.2019 ചട്ടം 23(4) നനുസൃതമായി എല്ലാ റോഡ് ജംഗ്ഷനിലും splay നൽകിയിട്ടുണ്ടെന്നും ഉറപ്പ വരുത്തണം

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**41/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
1)ഫാ.ഗിഗറി പെരുമാലിൽ,
കോയിക്കൽ കൺസ്ട്രഷൻ,
ഗോൾഫ് ലിങ്ക്സ് ലെയിൻ
കവടിയാർ

2)കരുതൽ ഫയൽ